# പതിനാലാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം
# നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3727
# 21/06/2018 ലെ മറുപടിക്ക്

**ചെങ്ങന്നൂർ മണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ പ്രവർത്തികൾ**

| ചോദ്യം<br>ശ്രീ.സജി ചെറിയാൻ | | മറുപടി<br>ശ്രീ.കെ.എൻ.ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ഇനിയും പൂർത്തീകരിക്കുവാനുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിട്ടുള്ള പ്രവൃത്തികളിൽ ഇനിയും പൂർത്തീകരിക്കുവാനുള്ള പ്രവർത്തികൾ സംബന്ധിച്ചും, പൂർത്തീകരിക്കാത്തതിന്റെ കാരണം സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | 2016-17 വർഷത്തിൽ ആസ്തി വികസന ഫണ്ട് പ്രകാരം നിർദ്ദേശിച്ചിട്ടുള്ള ഏതെല്ലാം പ്രവൃത്തികളാണ് ഇനിയും പൂർത്തീകരിക്കാനുള്ളത് എന്ന് വ്യക്തമാക്കുമോ; | |
| (സി) | പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കാത്തതിന്റെ കാരണം വിശദീകരിക്കുമോ? | |

**അക്കൗണ്ട്സ് ഓഫീസർ**

## ***PWD Buildings* Division**

ആലപ്പുഴ ഡിവിഷൻ ഓഫീസിനു കീഴിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തിയ ചെങ്ങന്നൂർ ഗവ. ഗേൾസ് വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ സ്റ്റേഡിയം നിർമ്മാണം എന്ന പ്രവർത്തിയുടെ പൂർത്തീകരണം മഴമൂലമാണ് വൈകിയത്. ടി പ്രവർത്തി പൂർത്തീകരണത്തിന്റെ അവസാന ഘട്ടങ്ങളിലാണുള്ളത്.

## ***തദ്ദേശ സ്വയംഭരണ വകുപ്പ്***

ചെങ്ങന്നൂർ നിയോജക മണ്ഡല ആസ്തി വികസന പദ്ധതി 2016-17 ൽ ഉൾപ്പെടുത്തിയിട്ടുള്ള ബുധനൂർ പഞ്ചായത്തിലെ പറയൻതുണ്ടിൽ കുന്നേൽ - റോഡ് നിർമ്മാണം എന്ന പ്രവർത്തി ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്, ആയതിന്റെ CC 1st & Part ബിൽ തുക അനുവദിച്ചിട്ടുണ്ട്.